# എഡ്യൂമേറ്റ്

**XII**

# മലയാളം

**(ഐച്ഛികം)**

കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്

**State Council of Educational Research and Training (SCERT), Kerala**
**2017**

*Prepared by:*
State Council of Educational
Research & Training (SCERT)
Poojappura, Thiruvananthapuram -12,
Kerala. E-mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2016

# ആമുഖം

പഠനപുരോഗതി മനസ്സിലാക്കാനും മെച്ചപ്പെടുത്താനും പഠനത്തോടൊപ്പം വിലയിരുത്തലും നടക്കേണ്ടതുണ്ട്. ആശയരൂപീകരണത്തിൽ എത്രത്തോളം മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെന്നും വിവിധ നൈപുണികൾ എത്രത്തോളം നേടാൻ കഴിഞ്ഞിട്ടുണ്ടെന്നും ഏതൊക്കെ മേഖലകളിലാണ് പ്രത്യേക അഭിരുചിയുള്ളതെന്നും തിരിച്ചറിയാൻ ഇത് സഹായകമാകുന്നു. പഠനപ്രവർത്തനങ്ങളോടൊപ്പം നടത്തുന്ന നിരന്തര വിലയിരുത്തൽ ഇതിൽ വളരെ പ്രധാനപ്പെട്ടതാണ്. ഓരോ ഘട്ടത്തിലും കൈവരിച്ച പഠനനേട്ടങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്താൻ ടേം മൂല്യനിർണയം സഹായിക്കുന്നു. അതിലേക്കുള്ള വഴികാട്ടിയായാണ് ഈ പുസ്തകം രൂപപ്പെടുത്തിയിട്ടുള്ളത്.

ആശംസകളോടെ,

**ഡോ.ജെ.പ്രസാദ്**

**ഡയറക്ടർ**

# ഉള്ളടക്കം

പാർട്ട് എ

## കേരളപാഠാവലി

1. കാവ്യപർവ്വം
2. രംഗപർവ്വം
3. ആഖ്യാനപർവം
4. സിദ്ധാന്തപർവം
5. മാധ്യമപർവ്വം

സാമ്പിൾ ചോദ്യപേപ്പറുകൾ

# 1

# കാവ്യപർവ്വം

പഠനനേട്ടം

പ്രാചീന ഗദ്യരചനാമാതൃകകൾ, പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യം വരെയുള്ള മലയാളഗദ്യത്തിന്റെ പരിണാമചരിത്രം എന്നിവ ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കുക.

**ചർച്ചാക്കുറിപ്പ്**

? വിദേശവൈദികരും മലയാളഗദ്യത്തിന്റെ പരിണാമവും എന്ന വിഷയത്തിൽ പാനൽ ചർച്ച നടത്തുന്നതിനാവശ്യമായ കുറിപ്പ് തയാറാക്കുക. (അരപ്പുറം)

■ **വിലയിരുത്തൽ സൂചകം:**

- പ്രധാന ക്രമത്തിലെഴുതുന്നതിന് (2)
- സംക്ഷിപ്തത (1)
- ഭാഷാപരമായ മികവ് (1)
- സ്വന്തം നിരീക്ഷണങ്ങൾ (1)

*സമയം 10 മിനിട്ട് സ്കോർ 5*

പഠനനേട്ടം

സർഗ്ഗാത്മകരചനകളിൽ വന്ന ക്രമാനുഗതമായ വികാസം വിവേചിച്ചറിഞ്ഞ് അതിന്റെ പശ്ചാത്തലത്തിൽ വ്യത്യസ്ത കാവ്യരൂപങ്ങൾ വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നു.

**വിശകലനക്കുറിപ്പ്**

? 'ഭാഷയിലെ മുത്തുമണികളാണ് മുക്തകങ്ങൾ' ഈ പ്രസ്താവന വിശകലനം ചെയ്യുക? (നാലോ അഞ്ചോ വാക്യം)

■ **വിലയിരുത്തൽ സൂചകങ്ങൾ:**

- ഭാഷാപരമായ മികവ് (2)
- സ്വന്തം നിഗമനങ്ങൾ അവതരിപ്പിക്കുന്നു (2)

*സമയം 6 മിനിട്ട്, സ്കോർ 4*

പഠനനേട്ടം

പാഠഭാഗങ്ങളിലെ തത്വചിന്താപരമായ അംശങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

■ **വിശകലനക്കുറിപ്പ്**

? ആ മഹാന്റെ കണ്ണിൽ നിന്നാച്ചാമ്പലിലൊരശ്രുകണ
മാമലകീ ഫലം പോലെയടർന്നു വീണു

ഉപഗുപ്തന്റെ കണ്ണുനീർത്തുള്ളിയെ 'ആമലകീഫലം' എന്നു വിശേഷിപ്പിച്ച പ്രയോഗത്തിന്റെ സവിശേഷത വിശകലനം ചെയ്യുക.

- **മാനസിക പ്രക്രിയകൾ**
  - പൂർവജ്ഞാനവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുന്നു.
  - നേടിയ അറിവുകളെ ഭാവനാത്മകമായി ആവിഷ്കരിക്കുന്നു.
  - കാര്യകാരണബന്ധം കണ്ടെത്തുന്നു.

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- പ്രയോഗഭംഗി കണ്ടെത്തുന്നു (2)
- ആശയസമഗ്രത (2)
- ഭാഷാപരമായ മികവ് (1)

*സമയം 10 മിനിട്ട്, സ്കോർ 5*

പഠനനേട്ടം

സർഗ്ഗാത്മകരചനകളിൽ വന്ന ക്രമാനുഗതമായ വികാസം വിവേചിച്ചറിഞ്ഞ് അതിന്റെ പശ്ചാത്തലത്തിൽ വ്യത്യസ്ത കാവ്യരൂപങ്ങൾ വിലയിരുത്തി കുറിപ്പുകൾ തയാറാക്കുക.

ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.

? മഹീപതേ ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം - ഈ വരികളിലെ ആശയം.

(വീടിനെ പുരാണത്തോട് ഉപമിച്ചിരിക്കുന്നു. വീട് ഭാഗവതംപോലെയാണ്, മഹനീയമാണ്, ഭാഗവതത്തെക്കാൾ മനോഹരമാണ് വീട്.)

? ആദ്യമാദ്യം ചമച്ചിട്ടുള്ള ലിഖിതങ്ങളിൽനിന്നു വ്യത്യസ്തമായി പിൽക്കാല ലിഖിതങ്ങൾക്കുള്ള സവിശേഷത?

(തമിഴ്പ്രയോഗം വർധിച്ചുവരുന്നു, സംസ്കൃതത്തിന്റെ സ്വാധീനം, മലയാളപ്രയോഗം അധികമായി സ്വീകരിക്കുന്നു, ചെന്തമിഴിന്റെ അമിതമായ പ്രയോഗം)

? വിഭീഷണഹിതോപദേശത്തിലെ രാവണവിഭീഷണ സംവാദത്തിന്റെ സവിശേഷത എന്ത്?

(ജീവിതഗന്ധിയായ പ്രായോഗികപാഠം, ഏകാന്തത, ജീവിതത്തോടുള്ള വിരക്തി, മാനസികസമ്മർദ്ദം)

? തന്റെ വീട്ടിലെ കഷ്ടാവസ്ഥകൾ സൂചിപ്പിച്ചുകൊണ്ട് രാമപുരത്ത്വാര്യർ ആർക്കാണ് പദ്യം സമർപ്പിച്ചത്?

(കോട്ടയത്ത് തമ്പുരാന്, മാർത്താണ്ഡവർമ്മയ്ക്ക്, മാനവേദരാജാവിന്, കൊട്ടാരക്കര തമ്പുരാന്)

*സമയം 1 മിനിട്ട്, സ്കോർ 1*

പഠനനേട്ടം

വർത്തമാനപ്പുസ്തകത്തിന്റെ ഭാഷാസവിശേഷതകൾ തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കുന്നു.

■ **കുറിപ്പെഴുതുക**

? വർത്തമാനപ്പുസ്തകത്തിന്റെ സവിശേഷതകൾ എന്തെല്ലാം? (രണ്ടോ മൂന്നോ വാക്യം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- വസ്തുനിഷ്ഠത (1)
- ആശയസമഗ്രത (1)

*സമയം 4 മിനിറ്റ്, സ്കോർ 2*

പഠനനേട്ടം

.................

## വിശകലനക്കുറിപ്പ്

താൻ താൻ നിരന്തരം ചെയ്യുന്ന
കർമങ്ങൾതാന്താനനുഭവിച്ചീടുകെന്നേ വരൂ
(എഴുത്തച്ഛൻ)

ഇത്തരം തത്ത്വചിന്താപരമായ വരികളുടെ സമകാലിക പ്രസക്തി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം)

**വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- താരതമ്യം ചെയ്തിട്ടുണ്ട് (1)
- സമകാലിക പ്രസക്തി അവതരിപ്പിച്ചിട്ടുണ്ട് (2)

*സമയം 10 മിനിട്ട്, സ്കോർ 5*

പഠനനേട്ടം

ദൃശ്യശ്രാവ്യകലകളുൾപ്പെട്ട സാഹിത്യമാതൃകകൾ പരിചയപ്പെടുകയും അവ ആസ്വദിച്ച് ചൊൽക്കാഴ്ചകൾ വ്യക്തിഗതമായി ആവിഷ്കരിക്കുകയും ചെയ്യുന്നു.

## വിശകലനക്കുറിപ്പ്

ഉപഗുപ്തന്റെ വരവും അന്തരീക്ഷവർണ്ണനയും പരസ്പരപൂരകമാണോ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം)

**വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം കണ്ടെത്തിയിട്ടുണ്ട് (2)
- ധ്വനിതലം കണ്ടെത്തിയിട്ടുണ്ട് (2)
- സ്വന്തം നിരീക്ഷണങ്ങൾ (1)

*സമയം 10 മിനിട്ട്, സ്കോർ 5*

പഠനനേട്ടം

പാഠഭാഗങ്ങളിലെ തത്ത്വചിന്താപരമായ അംശങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു

## പ്രഭാഷണം തയാറാക്കുക

'വിഭീഷണഹിതോപദേശ'ത്തിലെ ലോകോക്തികളെ അടിസ്ഥാനമാക്കി യുദ്ധത്തിന്റെ നിരർത്ഥകത വ്യക്തമാക്കുന്നപ്രഭാഷണം തയാറാക്കുക. (ഒന്നരപ്പുറം)

**വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയസമഗ്രത (3)
- നിരീക്ഷണങ്ങളിലെ തനിമ (2)
- അനുയോജ്യമായ ഘടന (1)
- ഭാഷാപരമായ മികവ് (2)

*സമയം 20 മിനിട്ട്, സ്കോർ 8*

**പഠനനേട്ടം**

പാഠഭാഗങ്ങളിലെ തത്ത്വചിന്താപരമായ അംശങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

■ **താരതമ്യക്കുറിപ്പ് തയാറാക്കുക**

മൃത്യുവശഗതനായ പുരുഷനു
സിദ്ധൗഷധങ്ങളുമേല്ക്കയില്ലേതുമേ
(എഴുത്തച്ഛൻ)

അഹഹ! സങ്കടമോർത്താൽ മനുഷ്യജീവിതത്തെക്കാൾ
മഹിയിൽ ദയനീയമായ് മറ്റെന്തോന്നുള്ളൂ;
പുഷ്ടശക്തി വഹിക്കുമീ പ്പളുങ്കു പാത്രം വിരലാൽ
മുട്ടിയാൽ മതി തവിടുപൊടിയാമല്ലോ?

(കുമാരനാശാൻ)

രണ്ട് കാലഘട്ടങ്ങളുടെ പ്രാതിനിത്യം വഹിക്കുന്ന ലോകോക്തികളെ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- താരതമ്യം ചെയ്തിട്ടുണ്ട് (2)
- സ്വന്തം നിഗമനം അവതരിപ്പിച്ചിട്ടുണ്ട് (1)

*സമയം: 10 മിനിട്ട്, സ്കോർ: 5*

**പഠനനേട്ടം**

പാഠഭാഗങ്ങളിലെ തത്ത്വചിന്താപരമായ അംശങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

**വിശകലനക്കുറിപ്പ്**

യുദ്ധത്തിൽ നിന്ന് പിന്മാറുന്നതിനായി രാവണനോടു വിഭീഷണൻ ഉപദേശരൂപേണ പറയുന്ന വാക്കുകളുടെ പ്രസക്തി വിശകലനം ചെയ്യുക (ഒരുപുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയ സമഗ്രത (2)
- നിരീക്ഷണങ്ങളിലെ തനിമ (2)
- ഭാഷാപരമായ മികവ് (1)
- അനുയോജ്യമായ ഘടന (1)

*സമയം : 10 മിനിട്ട്, സ്കോർ : 6*

**പഠനനേട്ടം**

പാഠഭാഗങ്ങളിലെ തത്ത്വചിന്താപരമായ അംശങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

**[illegible]കുറിപ്പ്**

"ശത്രുക്കളല്ല ശത്രുക്കളാകുന്നതു
മിത്രഭാവത്തോടരികേ മരുവിന
ശത്രുക്കൾ ശത്രുക്കളാകുന്നതേവനും"- ഈ വാക്കുകളിൽ നിന്ന് രാവണന്റെ സ്വഭാവം എത്രത്തോളം വ്യക്തമായിട്ടുണ്ട്. നിങ്ങളുടെ നിരീക്ഷണം എഴുതുക (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- സ്വന്തം നിരീക്ഷണങ്ങൾ (2)

- ഭാഷാപരമായ മികവ് (1)

*സമയം : 10 മിനിട്ട്, സ്കോർ : 5*

**പഠനനേട്ടം**

സർഗാത്മക രചനകളിൽ വന്ന ക്രമാനുഗതമായ വികാസം തിരിച്ചറിഞ്ഞ് അതിന്റെ പശ്ചാത്തലത്തിൽ വ്യത്യസ്ത കാവ്യരൂപങ്ങൾ വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നു.

**കുറിപ്പെഴുതുക**

മഹീപതേ ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാം
അർഥങ്ങളില്ലെന്നൊരു ഭേദമുണ്ട്.

ഇവിടെ വീട്ടിലെ കഷ്ടാവസ്ഥ ധ്വന്യാത്മകമായി അവതരിപ്പിക്കുന്നതിന് കവി തിരഞ്ഞെടുത്തിരിക്കുന്ന പദങ്ങൾ ഏതെല്ലാം? അവ സൃഷ്ടിക്കുന്ന അർഥവൈവിധ്യം വിശദമാക്കുക.

(മൂന്നോ നാലോ വാക്യങ്ങൾ)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട്. (2)
- ധ്വനിതലം കണ്ടെത്തിയിട്ടുണ്ട് (2)

*സമയം : 5 മിനിട്ട്, സ്കോർ : 4*

**പഠനനേട്ടം**

കാവ്യരൂപങ്ങൾ വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നു.

**ലഘുക്കുറിപ്പ്**

ഉദയഗിരി ചുവന്നൂ, ഭാനുബിംബം വിളങ്ങീ
നളിനമുകുളജാലേ മന്ദഹാസം തുടങ്ങീ
പനിമതി മറവായീ, ശംഖനാദം മുഴങ്ങീ
ഉണരുക കണികാണാനംബരേ ചെമ്പരേശ.

പ്രഭാതത്തിന്റെ മനോഹാരിത വർണ്ണിക്കുന്നതിൽ കവി പ്രയോഗിച്ചിരിക്കുന്ന പദങ്ങളുടെ ചമൽക്കാരഭംഗി വിശദമാക്കുക. (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ (1)
- പ്രയോഗഭംഗി കണ്ടെത്തുന്നു (2)
- ഭാഷാപരമായ മികവ് (1)

*സമയം: 5 മിനിട്ട്, സ്കോർ : 4*

**പഠനനേട്ടം**

സർഗാത്മക രചനകളിൽ വന്ന ക്രമാനുഗതമായ വികാസം വിവേചിച്ചറിഞ്ഞ് അതിന്റെ പശ്ചാത്തലത്തിൽ വ്യത്യസ്ത കാവ്യരൂപങ്ങൾ വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നു.

**വിശകലനക്കുറിപ്പ്**

കുമാരനാശാന്റെ വീണപൂവിലെ 'അവനി വാഴ്‌വുകിനാവ് കഷ്ടം ! എന്ന പ്രയോഗം, വാസവദത്തയുടെ ജീവിതാവസ്ഥയുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

(അരപ്പുറം) (അവനി - ഭൂമി, വാഴ്വ് - ജീവിതം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- താരതമ്യം ചെയ്തിട്ടുണ്ട് (2)
- സ്വന്തം നിരീക്ഷണങ്ങൾ (2)

*സമയം : 10 മിനിട്ട്, സ്കോർ : 6*

## പഠനനേട്ടം

പ്രാചീന ഗദ്യമാതൃകകൾ, മലയാള ഗദ്യത്തിന്റെ പരിണാമ ചരിത്രം എന്നിവ ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കുന്നു.

**ലഘു ഉപന്യാസം**

മലയാള ഗദ്യഭാഷയുടെ പരിണാമത്തിന്റെ പടവുകളായി പ്രൊഫ. എൻ.കൃഷ്ണപിള്ള എടുത്തു പറയുന്ന പ്രാചീനഗദ്യമാതൃകകളെക്കുറിച്ച് വിശദമാക്കുക. (ഒന്നരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയ സമഗ്രത ( ഗ്രന്ഥവരികൾ, ഭാഷാകൗടലീയം, ആട്ടപ്രകാരം, ദൂതവാക്യം, ബ്രഹ്മാണ്ഡപുരാണം, നമ്പ്യാന്തമിഴ്) (5)
- പ്രധാന ക്രമത്തിലെഴുതുന്നു. (1)
- ആവിഷ്കരണത്തിലെ മികവ് (1)
- ഭാഷാപരമായ മികവ് (1)

*സമയം : 20 മിനിട്ട്, സ്കോർ : 8*

## പഠനനേട്ടം

18-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെയുള്ള മലയാളഗദ്യത്തിന്റെ പരിണാമ ചരിത്രം ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കുന്നു.

**ലഘു ഉപന്യാസം**

മലയാള ഗദ്യഭാഷയുടെ വളർച്ചയ്ക്ക് വിദേശമിഷനറിമാർ നൽകിയ സംഭാവനകൾ വിശദമാക്കുക. (ഒന്നരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയ സമഗ്രത (ഹോർത്തൂസ് മലബാറിക്കസ്, സംക്ഷേപ വേദാർഥം, വർത്തമാന പ്പുസ്തകം) (4)
- വസ്തുനിഷ്ഠത (2)
- ആവിഷ്കരണത്തിലെ മികവ് (2)

*സമയം : 20 മിനിട്ട്, സ്കോർ : 8*

## പഠനനേട്ടം

പ്രാചീന ഗദ്യമാതൃകകൾ, 18-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെയുള്ള മലയാള ഗദ്യത്തിന്റെ പരിണാമ ചരിത്രം എന്നിവ ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കുന്നു.

**ലഘുക്കുറിപ്പ്**

മലയാള ഗദ്യഭാഷയുടെ വളർച്ചയുടെ ചരിത്രം പരിശോധിച്ച് ഭാഷാകൗടലീയത്തിനുള്ള പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് ലഘുകുറിപ്പ് തയാറാക്കുക

(നാലോ അഞ്ചോ വാക്യങ്ങൾ)

- **വിലയിരുത്തൽ സൂചകങ്ങൾ :**
  - വസ്തുനിഷ്ഠത (2)
  - ആശയസമഗ്രത (2)

*സമയം : 5 മിനിട്ട്, സ്കോർ : 4*

**ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.**

‘ലഘുഭാഷ’ എന്ന പേരിൽ അമരകോശത്തിന് ലഘുവ്യാഖ്യാനം തയാറാക്കിയത്.

(എഴുത്തച്ഛൻ, രാമപുരത്തു വാര്യർ, കോട്ടയത്തു തമ്പുരാൻ)

സി.വി.കൃതികളെ ആസ്പദമാക്കി പ്രൊഫ. എൻ. കൃഷ്ണപിള്ള രചിച്ച കൃതി.

(അകപ്പൊരുൾ തേടി, കൈരളിയുടെ കഥ, പ്രതിപാത്രം ഭാഷണഭേദം)

കോട്ടയത്തു തമ്പുരാന്റെ ആട്ടക്കഥയല്ലാത്തത്

(ബകവധം, കിർമ്മീരവധം, കീചകവധം, നിവാതകവചകാലകേയ വധം)

2

# രംഗപർവ്വം

## ■ പഠനനേട്ടം

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

**നിരൂപണം തയാറാക്കുക**

"പാട്ടുകൾക്ക് കുട്ടിക്കാലം പുനഃസൃഷ്ടിക്കാൻ കഴിയുമെന്നതിന്റെ മികച്ച ഉദാഹരണമാണ് മധുരിക്കും ഓർമ്മകളേ എന്ന നാടകഗാനം" - നിരൂപണം ചെയ്യുക. **(അരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- നിരീക്ഷണപാടവം (1)
- ആശയസമഗ്രത (2)
- അവതരണരീതി (2)

*സമയം 10 മിനിട്ട്, സ്കോർ 5*

## പഠനനേട്ടം

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

**പ്രഭാഷണം തയാറാക്കുക**

'മധുരിക്കും ഓർമ്മകളേ' എന്ന ഗാനത്തിൽ അവതരിപ്പിക്കുന്ന കുട്ടിക്കാലത്തെ, ഇന്നത്തെ കുട്ടിക്കാലത്തോട് താരതമ്യം ചെയ്തുകൊണ്ട് സ്കൂൾ സാഹിത്യവേദിയിൽ നടത്താനുള്ള ഒരു പ്രഭാഷണം തയാറാക്കുക. **(ഒന്നരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- വിഷയത്തെക്കുറിച്ചുള്ള ധാരണ (3)
- പ്രഭാഷണത്തിന്റെ ഘടന (1)
- ശൈലി (2)
- ആശയം, താരതമ്യം (2)

*സമയം: 20 മിനിട്ട്, സ്കോർ: 5*

## പഠനനേട്ടം

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

## ഉപന്യാസം തയാറാക്കുക

"വെബ്സർച്ച് എഞ്ചിനുകൾക്കും കമ്പ്യൂട്ടർ ഗയിമുകൾക്കുമിടയിൽ കുടുങ്ങിപ്പോകുന്ന പുതിയ തലമുറയെ കുസൃതികളുടെയും ഭാവനയുടെയും ഗ്രാമീണ നൈർമ്മല്യങ്ങളുടെയും കാലത്തേക്ക് കൂട്ടിക്കൊണ്ടു പോവുകയാണ് മധുരിക്കും ഓർമ്മകൾ" – ഉപന്യസിക്കുക.

**(ഒന്നരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- സമകാലിക ബാല്യത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- ഗാനത്തിലവതരിപ്പിക്കുന്ന ബാല്യകാല സവിശേഷതകൾ അവതരിപ്പിച്ചിട്ടുണ്ട് (4)
- സ്വന്തം നിരീക്ഷണങ്ങൾ (2)
- ഭാഷാപരമായ മികവ് (2)

*സമയം: 20 മിനിട്ട്, സ്കോർ: 8*

### പഠനനേട്ടം

തനതുനാടകവേദിയുടെ ഉത്ഭവം നമ്മുടെ രംഗകലാപാരമ്പര്യത്തിൽ നിന്നാണെന്ന തിരിച്ചറിവ്. രചനകൾ നിർവഹിക്കുന്നു.

## കുറിപ്പ് തയാറാക്കുക

'ഒരുമയാണ് മോക്ഷം' എന്ന ആശയം 'ഒരു കൂട്ടം ഉറുമ്പുകൾ' എന്ന നാടകത്തിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ. കുറിപ്പ് തയാറാക്കുക. **(നാലോ അഞ്ചോ വാക്യം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- നാടകസന്ദേശം മനസ്സിലാക്കിയിട്ടുണ്ട് (2)
- ഉദാഹരണങ്ങളിലൂടെ അവതരിപ്പിച്ചിട്ടുണ്ട് (2)

*സമയം: 7 മിനിട്ട്, സ്കോർ: 4*

### പഠനനേട്ടം

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

## വിശകലനകുറിപ്പ്

'ഒരു കൂട്ടം ഉറുമ്പുകൾ' എന്ന നാടകത്തിൽ ഉറുമ്പുകളെ കേന്ദ്ര കഥാപാത്രമാക്കിയതിന്റെ ഔചിത്യമെന്ത്? വിശകലനകുറിപ്പ് തയാറാക്കുക. **(നാലോ അഞ്ചോ വാക്യം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- പ്രയോഗസവിശേഷത കണ്ടെത്തിയിട്ടുണ്ട് (2)
- സ്വന്തം നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (2)

**സമയം: 6 മിനിട്ട്, സ്കോർ: 4**

### പഠനനേട്ടം

പാശ്ചാത്യ-പൗരസ്ത്യ നാടകസങ്കേതങ്ങളും സങ്കല്പങ്ങളും അടിസ്ഥാനമാക്കി കുറിപ്പുകൾ തയാറാക്കുന്നു.

### ഉപന്യാസം തയാറാക്കുക

‘ഒരു കൂട്ടം ഉറുമ്പുകൾ’ എന്ന നാടകത്തിന്റെ ധ്വനിപാഠങ്ങളെന്തെല്ലാം? ഉപന്യസിക്കുക.

**(ഒന്നരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ (4)
- സവിശേഷതകൾ തിരിച്ചറിവ് (2)
- സ്വന്തം നിരീക്ഷണങ്ങൾ (1)
- ഭാഷാപരമായ മികവ് (1)

*സമയം 20 മിനിട്ട്, സ്കോർ 8*

#### പഠനനേട്ടം

പാശ്ചാത്യ- പൗരസ്ത്യ നാടകങ്ങളും സങ്കേതങ്ങളും സങ്കല്പങ്ങളും അടിസ്ഥാനമാക്കി കുറിപ്പുകൾ തയാറാക്കുന്നു.

### വിശകലനകുറിപ്പ്

‘ഒരു കൂട്ടം ഉറുമ്പുകൾ’ എന്ന നാടകത്തിലെ പൂർവരംഗത്തിന്റെ സവിശേഷതകളെന്തെല്ലാം കുറിപ്പ് തയാറാക്കുക. **(നാലോ അഞ്ചോവാക്യം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് (1)
- ആശയമൗലികത (2)
- ആവിഷ്കാരശൈലി (1)

*സമയം 6 മിനിട്ട്, സ്കോർ 4*

#### പഠനനേട്ടം

തനതു നാടകവേദിയുടെ ഉത്ഭവം നമ്മുടെ രംഗകലാപാരമ്പര്യത്തിൽ നിന്നാണെന്ന് തിരിച്ചറിഞ്ഞ് രചനകൾ നിർവഹിക്കുന്നു.

### പ്രതികരണകുറിപ്പ്

“ജീവന് ആധാരമായി കരുതപ്പെടുന്ന പാരമ്പരികസ്വഭാവം നമ്മുടെ നാടകവേദിക്ക് ഒട്ടുംതന്നെയില്ല” - സി.എൻ. ശ്രീകണ്ഠൻനായരുടെ ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ്? കുറിപ്പ് തയാറാക്കുക. **(അരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- പ്രസ്താവനയുടെ സാമാന്യാശയം ഗ്രഹിച്ചിട്ടുണ്ട് (2)
- സ്വന്തം നിരീക്ഷണങ്ങൾ (2)
- ഭാഷാപരമായ മികവ് (1)

*സമയം 10 മിനിട്ട്, സ്കോർ 5*

#### പഠനനേട്ടം

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

### നിരൂപണം ചെയ്യുക

ഊരുഭംഗത്തിലെ ദുര്യോധനന്റെ മാനസാന്തരം എങ്ങനെയെല്ലാം വേറിട്ടുനിൽക്കുന്നു - നിരൂപണം ചെയ്യുക. **(അരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ദുര്യോധനന്റെ വ്യക്തിത്വസവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് (2)
- യുക്തിപൂർവമായ വിശദീകരണം (2)
- ഭാഷാപരമായ മികവ് (1)

*സമയം 10 മിനിട്ട്, സ്കോർ 5*

## പഠനനേട്ടം

പാശ്ചാത്യ-പൗരസ്ത്യ നാടക സങ്കേതങ്ങളും സങ്കല്പങ്ങളും അടിസ്ഥാനമാക്കി കുറിപ്പുകൾ തയാറാക്കുന്നു.

### കുറിപ്പ് തയാറാക്കുക

ദാസന്റെ ഊരുഭംഗം രംഗാവതരണത്തിന് സജ്ജമാക്കുമ്പോൾ പരിഗണിക്കാവുന്ന തനത് നാടക ഘടകങ്ങൾ എന്തെല്ലാം? **(നാലോ അഞ്ചോ വാക്യം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- തനത് നാടകസവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- യുക്തിപൂർവം സമർഥിക്കാൻ കഴിഞ്ഞിട്ടുണ്ട് (2)

*സമയം 6 മിനിട്ട്, സ്കോർ 4*

## പഠനനേട്ടം

പാശ്ചാത്യ-പൗരസ്ത്യ നാടകസങ്കേതങ്ങളും സങ്കല്പങ്ങളും അടിസ്ഥാനമാക്കി കുറിപ്പുകൾ തയാറാക്കുന്നു.

### സംവാദ സൂചകങ്ങൾ തയാറാക്കുക

തനതു നാടകവേദിയെ അനുകൂലിച്ചുകൊണ്ട് സംവാദത്തിൽ അവതരിപ്പിക്കാൻ നാല് സൂചകങ്ങൾ തയാറാക്കുക. **(നാല് വാക്യം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയസംഗ്രഹം (2)
- ക്രമീകരണം (1)
- ഭാഷാമികവ് (1)

*സമയം 6 മിനിട്ട്, സ്കോർ 4*

## പഠനനേട്ടം

പാശ്ചാത്യ-പൗരസ്ത്യ നാടകസങ്കേതങ്ങളും സങ്കല്പങ്ങളും അടിസ്ഥാനമാക്കി കുറിപ്പുകൾ തയാറാക്കുന്നു.

### വിശകലനം ചെയ്യുക

മുത്തശ്ശി : അതാ അബദ്ധം. ആനക്കഥ വലുതെന്നും ഉറുമ്പിന്റെ കഥ ചെറുതെന്നും എന്തിനു

കരുതുന്നു? ഈ സംഭാഷണത്തിൽ തെളിയുന്ന ധ്വനിതലം വിശകലനം ചെയ്യുക?

**(അരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- കഥാപാത്രങ്ങളുടെ വ്യക്തിത്വത്തെ സംബന്ധിച്ച് ധാരണ (2)
- ധ്വനിതലം യുക്തിപൂർവ്വം സമർത്ഥിച്ചിട്ടുണ്ട് (2)
- ഭാഷാപരമായ മികവ് (1)

*സമയം 10 മിനിട്ട്, സ്കോർ 5*

പഠനനേട്ടം

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

**വിശകലനം ചെയ്യുക**

“കാണ്മാനില്ലെന്നോ ഇതാണ് എന്റെ അവസ്ഥ. അന്വേഷിക്കേണ്ട കാലത്ത് മകനെ കാണുന്നില്ലല്ലോ? ഹാ! ദുർവിധേ” ധൃതരാഷ്ട്രരുടെ സംഭാഷണത്തിൽ തെളിയുന്നത് ബാഹ്യമായ അന്ധത മാത്രമാണോ? വിശകലനം ചെയ്യുക. **(അരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- വിശകലനം ചെയ്തിട്ടുണ്ട് (2)
- സ്വന്തം നിരീക്ഷണങ്ങൾ (2)
- ആവിഷ്കരണത്തിലെ മികവ് (1)

*സമയം 10 മിനിട്ട്, സ്കോർ 5*

പഠനനേട്ടം

പാശ്ചാത്യ-പൗരസ്ത്യ നാടകസങ്കേതങ്ങളും സങ്കല്പങ്ങളും അടിസ്ഥാനമാക്കി കുറിപ്പുകൾ തയാറാക്കുന്നു

**വിശകലനം ചെയ്യുക**

‘ഒരു കൂട്ടം ഉറുമ്പുകൾ’ എന്ന നാടകം കഥാപാത്രങ്ങളുടെ ചലനാവസ്ഥയും ‘ഊരുഭംഗം’ മുഖ്യകഥാപാത്രത്തിന്റെ ബാഹ്യമായ നിശ്ചലാവസ്ഥയും പ്രതിനിധാനം ചെയ്യുന്നു. ഇത്തരം സങ്കേതങ്ങൾ രണ്ടുനാടകങ്ങളുടെയും ആവിഷ്കരണത്തെ എത്രമാത്രം ചേതോഹരമാക്കുന്നു? താരതമ്യം ചെയ്ത് ഉപന്യസിക്കുക? **(അരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഉൾക്കൊള്ളിച്ചിട്ടുണ്ട് (2)
- താരതമ്യപ്പെടുത്തി അപഗ്രഥിച്ചിട്ടുണ്ട് (2)
- കണ്ടെത്തലുകൾ (2)
- ആവിഷ്കരണത്തിലെ മികവ് (2)

*സമയം 20 മിനിട്ട്, സ്കോർ 8*

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

“ഒരു കൂട്ടം ഉറുമ്പുകൾ” എന്ന നാടകത്തിലെ ശക്തമായ പ്രതിരോധബിംബം.

(ചിലന്തി, രാക്ഷസൻ, ചൂല്, കുന്തം)

*സമയം 1 മിനിട്ട്, സ്കോർ 1*

**വിശകലനം ചെയ്യുക**

"താമരത്തോണിയുമായ് അമ്മാവൻ
താഴോട്ട് പോരാമോ
പാവങ്ങളാണേലും ഞങ്ങള്
പായസച്ചോറുതരാം"

വരികൾ സംവേദനം ചെയ്യുന്ന സൂക്ഷ്മതലം.

(കാലഘട്ടത്തിന്റെ സാമൂഹ്യജീവിതം, വ്യക്തിയുടെ അതിരുകവിഞ്ഞ സന്തോഷം, കുടുംബങ്ങളിലെ ആത്മസംഘർഷം, വ്യക്തിത്വലോപം)

*സമയം 1 മിനിട്ട്, സ്കോർ 1*

**വിശകലനം ചെയ്യുക**

'ഊരുഭംഗം' എന്ന ശീർഷകത്തിന്റെ വ്യംഗ്യാർത്ഥം വ്യക്തമാക്കുക.

(തുട തകർക്കുക, അഹങ്കാരത്തെ തകർക്കുക, ഊരുവിലക്ക് ഏർപ്പെടുത്തുക, ജീവനെടുക്കുക)

*സമയം 1 മിനിട്ട്, സ്കോർ 1*

പഠനനേട്ടം

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

**വിശകലനം ചെയ്യുക**

കുമ്പിട്ടു ചൊല്ലാം പുണ്യം ഞാൻ
ചെയ്തിട്ടുണ്ടെന്നിരിക്കിലോ
മറ്റു ജന്മത്തിലുമെനി-
യ്ക്കമ്മയാകിവിടുന്നു താൻ

പുത്രനു മാതാവിനോടുള്ള സ്നേഹം മാത്രമാണോ ഈ വരികൾക്കുള്ളിൽ തെളിയുന്നത് വിശകലനം ചെയ്യുക.

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഉൾക്കൊണ്ടിട്ടുണ്ട് (2)
- വിശകലനം ചെയ്തിട്ടുണ്ട് (2)
- ആവിഷ്കരണത്തിലെ മികവ് (1)

*സമയം 10 മിനിട്ട്, സ്കോർ 5*

**വിശകലനം ചെയ്യുക**

ഒരു കൂട്ടം ഉറുമ്പുകൾ എന്ന നാടകം പ്രേക്ഷകന് നൽകുന്ന സന്ദേശം അവതരിപ്പിക്കുന്ന സങ്കേതം വ്യക്തമാക്കുക.

(വസ്തുനിഷ്ഠമായി, ആത്മനിഷ്ഠമായി, ധ്വന്യാത്മകമായി, ചരിത്രപരമായി)

*സമയം 1 മിനിട്ട്, സ്കോർ 1*

### വിശകലനം ചെയ്യുക

താഴെ പറയുന്നവയിൽ തനത് നാടകത്തിന് തുടക്കം കുറിച്ച നാടകം?

(കലി, അവനവൻ കടമ്പ, കനലാട്ടം, സൗപർണിക)

*സമയം 1 മിനിട്ട്, സ്കോർ 1*

### വിശകലനം ചെയ്യുക

ചേരുംപടി ചേർക്കുക

| | | |
|---|---|---|
| നാട്ടുഗദ്ദിക | - | കൂത്തമ്പലം |
| അവനവൻ കടമ്പ | - | ഭരതമുനി |
| കൂടിയാട്ടം | - | കെ.ജെ. ബേബി |
| നാട്യശാസ്ത്രം | - | തനത് നാടകത്തിന്റെ ആരംഭം |
| കിരാതം | - | കാവാലം നാരായണപ്പണിക്കർ |

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- നിരീക്ഷണത്തനിമ
- ആശയസമഗ്രത

*സമയം 10 മിനിട്ട്, സ്കോർ 5*

## പഠനനേട്ടം

സെമിനാർ സംഘടിപ്പിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു.

### സെമിനാർ പ്രബന്ധം

"ആദ്യകാല നാടകങ്ങളിലെ മലയാളത്തനിമ" എന്ന വിഷയത്തിൽ ലഘുസെമിനാർ പ്രബന്ധം തയാറാക്കുക. **(ഒന്നരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- വിഷയം ഉൾക്കൊണ്ടിട്ടുണ്ട് (3)
- ആശയം വികസിപ്പിച്ചിട്ടുണ്ട് (2)
- തനിമയുള്ള നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (2)
- ആവിഷ്കരണത്തിലെ മികവ് (1)

*സമയം 20 മിനിട്ട്, സ്കോർ 8*

## പഠനനേട്ടം

പാശ്ചാത്യ-പൗരസ്ത്യ നാടക സങ്കേതങ്ങളും സങ്കല്പങ്ങളും അടിസ്ഥാനമാക്കി കുറിപ്പുകൾ തയാറാക്കുന്നു.

### സെമിനാർ പ്രബന്ധം

'ഐകമത്യം മഹാബലം' എന്ന ചൊല്ല് ഒരു കൂട്ടം ഉറുമ്പുകളെ സംബന്ധിച്ച് അനുയോജ്യമാകുന്നതെങ്ങനെ? നിരൂപണക്കുറിപ്പ് തയാറാക്കുക. **(അരപ്പുറം)**

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഉൾക്കൊണ്ടിട്ടുണ്ട് (2)
- താരതമ്യം ചെയ്തിട്ടുണ്ട് (1)
- സവിശേഷതകൾ കണ്ടെത്തി നിരൂപണം ചെയ്തിട്ടുണ്ട് (2)

*സമയം 10 മിനിട്ട്, സ്കോർ 5*

**പഠനനേട്ടം**

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

**അഭിപ്രായക്കുറിപ്പ്**

ഗ്രാമീണ വിശുദ്ധിയും ബാല്യകാലാനുഭവങ്ങളും കൊണ്ട് സമ്പന്നമാണ് 'മധുരിക്കും ഓർമ്മകൾ' അഭിപ്രായക്കുറിപ്പ് തയാറാക്കുക. (ഒരു പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയ സമഗ്രത (3)
- നിരീക്ഷണപാടവം (2)
- ഭാഷാപരമായ മികവ് (1)

*സമയം : 10 മിനിട്ട്, സ്കോർ : 6*

**പഠനനേട്ടം**

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുക്കുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

**വിലയിരുത്തൽക്കുറിപ്പ്**

'ഒരു കൂട്ടം ഉറുമ്പുകളി'ലൂടെ നാടകകൃത്ത് സമൂഹത്തിനു നൽകുന്ന സന്ദേശം 'ആദ്യം വേണ്ടത് സൊരിമിപ്പ്' എന്ന ഒരുമയുടെ മന്ത്രം എക്കാലത്തും പ്രസക്തമാണ്. വിലയിരുത്തൽക്കുറിപ്പ് തയാറാക്കുക. (ഒരു പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയ ധാരണ (2)
- ഉദാഹരണങ്ങളിലൂടെ അവതരിപ്പിക്കുന്നു (2)
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. (2)

*സമയം : 10 മിനിട്ട്, സ്കോർ : 6*

**പഠനനേട്ടം**

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

**നിരൂപണം ചെയ്യുക**

മഹാഭാരതത്തിലൂടെ കേട്ടു പതിഞ്ഞ ദുര്യോധനനെക്കാൾ സഹോദര സ്നേഹിയും മനുഷ്യത്വമുള്ളവനുമായ ഒരു കഥാപാത്രമാണ് ദാസന്റെ ഊരുഭംഗത്തിലെ ദുര്യോധനൻ.

നിരൂപണം ചെയ്യുക. (ഒരു പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ദുര്യോധനന്റെ വ്യക്തിത്വ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് (പുത്രൻ, ഭർത്താവ്, പിതാവ് എന്നീ നിലകളിൽ) (3)
- യുക്തിപൂർവ്വം വിശദമാക്കുന്നു. (2)
- ഭാഷാപരമായ മികവ് (1)

*സമയം : 10 മിനിട്ട്, സ്കോർ : 6*

പഠനനേട്ടം

നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

**അഭിപ്രായം എഴുതുക.**

ശീലിച്ചതു വെടിഞ്ഞുണ്ണി
വല്ലേടത്തുമിരിക്ക നീ
ഇന്നു തൊട്ടു നിനക്കില്ലീ
മുന്നം വാണൊരിരിപ്പിടം

നിസ്സഹായനായ ഒരു പിതാവിന്റെ മാനസികാവസ്ഥയെ പ്രതിഫലിപ്പിക്കാൻ പര്യാപ്തമാണോ ഈ വരികൾ. സ്വാഭിപ്രായം എഴുതുക. (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ (2)
- സ്വന്തം നിരീക്ഷണങ്ങൾ (2)
- ഭാഷാപരമായ മികവ് (1)

*സമയം : 10 മിനിട്ട്, സ്കോർ : 5*

പഠനനേട്ടം

തനതു നാടകവേദിയുടെ ഉത്ഭവം നമ്മുടെ രംഗകലാപാരമ്പര്യത്തിൽ നിന്നാണെന്ന് തിരിച്ചറിഞ്ഞ് രചനകൾ നിർവഹിക്കുന്നു.

**വിശകലനം ചെയ്യുക.**

മലയാള നാടകവേദി ദീനപ്പായയിൽ നിന്ന് എഴുന്നേറ്റു വരുന്നതിനുവേണ്ടി സി.എൻ.ശ്രീകണ്ഠൻനായർ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാം? വിശകലനം ചെയ്യുക. (ഒരു പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ (3)
- താരതമ്യപ്പെടുത്തി അപഗ്രഥിച്ചിട്ടുണ്ട് (2)
- ആവിഷ്കരണത്തിലെ മികവ് (1)

*സമയം: 10 മിനിട്ട്, സ്കോർ : 6*

**ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.**

ഭാസനാടകങ്ങൾ കണ്ടെത്തി കൈരളിക്ക് സമർപ്പിച്ചത് (ഇളംകുളം കുഞ്ഞൻപിള്ള, സി.എൻ. ശ്രീകണ്ഠൻനായർ, പി.ഗോവിന്ദപ്പിള്ള, ടി. ഗണപതി ശാസ്ത്രികൾ)

3

# ആഖ്യാനപർവം

■ **യോജിച്ചവ തെരഞ്ഞെടുത്തെഴുതുക.**

? മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായി പരിഗണിക്കപ്പെട്ട കൃതി.

(കുന്ദലത, ചെമ്മീൻ, ഇന്ദുലേഖ, മാർത്താണ്ഡവർമ)

? കാലം മാറുന്നു എന്ന പാഠഭാഗത്തിൽ പ്രത്യക്ഷപ്പെടുന്ന പാർവതിയമ്മയുടെ സ്വഭാവ സവിശേഷത എന്ത്?

(പുരോഗമനചിന്ത, സ്ത്രീവിദ്വേഷം, യാഥാസ്ഥിതികത്വം, പുരുഷവിദ്വേഷം)

*സമയം 1 മിനിട്ട്, സ്കോർ 1*

**പഠനനേട്ടം**

ചെറുകഥകളും നോവലുകളും വായിച്ച് സാമൂഹികാംശങ്ങൾ, ഭാഷാപരമായ സവിശേഷതകൾ, ആഖ്യാനപരമായ പ്രത്യേകതകൾ എന്നിവ കണ്ടെത്തി പ്രബന്ധങ്ങൾ തയാറാക്കുന്നതിന്.

**നിരൂപണക്കുറിപ്പ് തയാറാക്കുക.**

? ഏതൊക്കെ സാമൂഹ്യ പ്രശ്നങ്ങളെയാണ് കാലം മാറുന്നു എന്ന പാഠഭാഗത്തിൽ അവതരിപ്പിക്കുന്നത്. നിരൂപണക്കുറിപ്പ് എഴുതുക. (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ** :

- ആശയം കണ്ടെത്തിയിട്ടുണ്ട് (2)
- സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- ഭാഷാപരമായ മികവ് (1)

*സമയം 10 മിനിട്ട്, സ്കോർ 5*

**പഠനനേട്ടം**

ആദ്യകാല നോവലുകൾ വിശകലനം ചെയ്ത് നിരൂപണം തയാറാക്കുന്നതിന്

*സമയം 10 മിനിട്ട്, സ്കോർ 5*

**പഠനനേട്ടം**

ആദ്യകാല നോവലുകൾ വിശകലനം ചെയ്ത് നിരൂപണം തയാറാക്കുന്നതിന്.

? ഉപന്യാസം തയാറാക്കുക.

മലയാള നോവലുകളിലെ നെഞ്ചുറപ്പുള്ള നായകന്മാർക്ക് മാതൃകയാണ് ഇന്ദുലേഖയിലെ മാധവനെ സൃഷ്ടിച്ചിട്ടുള്ളത്. വിലയിരുത്തി ഉപന്യസിക്കുക.

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- മൗലികത, സമർഥനം (4)
- അവതരണ മികവ് (2)
- സവിശേഷതകൾ കണ്ടെത്തൽ (2)

*സമയം 20 മിനിട്ട്, സ്കോർ 8*

## പഠനനേട്ടം

ഉള്ളടക്കത്തിന്റെ സവിശേഷതകൾക്കനുസരിച്ച് സാഹിത്യകൃതികളിലെ ഭാഷയിൽ പ്രകടമാകുന്ന വൈവിധ്യം കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നതിന്.

### ■ ലഘുപ്രബന്ധം തയാറാക്കുക

'ഇന്ദുലേഖ'യിലെ രചനയുടെ സവിശേഷതകൾ എന്ന സെമിനാറിൽ അവതരിപ്പിക്കാനായി, കാലം മാറുന്നു എന്ന പാഠഭാഗത്തെ മുൻനിർത്തി, ലഘുപ്രബന്ധം തയാറാക്കുക. (ഒരുപുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- കാര്യകാരണബന്ധങ്ങളുടെഅടിസ്ഥാനത്തിൽയുക്തിപൂർവം സമർഥിക്കാൻ കഴിഞ്ഞിട്ടുണ്ട് (4)
- ആശയസമഗ്രത (2)
- സ്വന്തം നിരീക്ഷണം (2)

*സമയം 20 മിനിട്ട്, സ്കോർ 8*

## പഠനനേട്ടം

ചെറുകഥകളും നോവലുകളും വായിച്ച് സാമൂഹികാംശങ്ങൾ, ഭാഷാപരമായ സവിശേഷതകൾ, ആഖ്യാനപരമായ പ്രത്യേകതകൾ എന്നിവ കണ്ടെത്തി പ്രബന്ധങ്ങൾ തയാറാക്കുന്നതിന്.

### ■ കുറിപ്പ് തയാറാക്കുക

ഗംഗാധരൻ ഒരരിവാളും ചാക്കും മുറ്റത്തേക്കെറിഞ്ഞു കൊടുത്തു.

"ചത്തു കിടക്കുന്ന ഒരു തവളയെന്നമട്ടിൽ പുതിയ പണിയായുധങ്ങളെയൊന്ന് നോക്കീട്ട് കുങ്കൻ അവന്റെ പാട്ടിനുപോയി."

'ദിവസങ്ങളോളം കുങ്കൻ അലഞ്ഞു തിരിഞ്ഞു. കാടിന്റെ കൊട്ടാരത്തിനകത്ത് രാവും പകലും ഭേദമില്ലായിരുന്നു. ഉദയാസ്തമയങ്ങൾ അവനെ പീഡിപ്പിച്ചില്ല. അനിർവചനീയമായൊരസ്വസ്ഥത അവന്റെ ഞരമ്പുകളിൽ പടർന്നുകയറി.'

'മണ്ണിന്റെ ഉൾക്കളത്തിൽനിന്നു പരിഹാസ ച്ചിരിയുയരുന്നു. പാറയിൽ തട്ടിയ തൂമ്പ ഒടിഞ്ഞുപോയി. തുറസ്സായ മണ്ണിന്റെ മാറിലൂടെ കുങ്കന്റെ നിരാശ പൂണ്ട കണ്ണുകൾ പതറി നടന്നു. അവസാനം നീയൊരു മച്ചിയായിരുന്നോ?'

- ഈ വാക്യങ്ങൾ പി. വത്സലയുടെ കാട് വിളിക്കുന്നു എന്ന നോവലിലേതാണ്. ഇതിനെ ആകർഷകമാക്കുന്ന ഘടകങ്ങൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക. (അരപ്പുറം)).

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട് (2)

- സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- ഭാഷാപരമായ മികവ് (1)

*സമയം 10 മിനിട്ട്, സ്കോർ 5*

പഠനനേട്ടം

എഴുത്തുകാരൻ തന്റെ കഥാപാത്രത്തെ രൂപപ്പെടുത്തിയെടുക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുക.

നിരൂപണക്കുറിപ്പ് തയാറാക്കുക.

? പ്രകൃതിയിൽനിന്ന് വേറിട്ട് നിൽക്കാൻ കഴിയാത്ത കാർഷിക സംസ്കൃതിയുടെ പ്രതീകമാണ് കൂമൻകൊല്ലി എന്ന നോവലിലെ കുങ്കൻ. നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ (2)
- സ്വന്തം നിരീക്ഷണങ്ങൾ (2)
- ഭാഷാപരമായ മികവ് (2)

*സമയം 10 മിനിട്ട്, സ്കോർ 6*

പഠനനേട്ടം

ഇന്ദുലേഖ, കൂമൻകൊല്ലി, വൃദ്ധസദനം എന്നീ നോവൽഭാഗങ്ങളിൽ പ്രതിഫലിക്കുന്ന കാലഘട്ടത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് സംവാദത്തിൽ പങ്കെടുക്കുന്നു.

■ **വിശകലനക്കുറിപ്പ് തയാറാക്കുക**

? അധിനിവേശത്തോടുള്ള പ്രതിഷേധം കാട് വിളിക്കുന്നു എന്ന പാഠഭാഗത്ത് എത്രത്തോളം പ്രതിഫലിക്കുന്നുണ്ട്. വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- സ്വന്തം നിരീക്ഷണങ്ങൾ (2)
- ഉചിതമായ ഭാഷ (2)

*സമയം 10 മിനിട്ട്, സ്കോർ 6*

പഠനനേട്ടം

ഭാഷയുടെ ധ്വന്യാത്മകത തിരിച്ചറിഞ്ഞ് അപഗ്രഥനക്കുറിപ്പ് തയാറാക്കുന്നു.

■ **പ്രതികരണക്കുറിപ്പ് തയാറാക്കുക**

? ആർദ്രവും തീവ്രവുമായ ഭാഷയാണ് കാട് വിളിക്കുന്നു എന്ന ഭാഗത്തെ സൗന്ദര്യാത്മകമാക്കുന്നത്. ഈ അഭിപ്രായത്തോടുള്ള പ്രതികരണം കുറിപ്പായി എഴുതുക.

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- പാഠഭാഗത്തെ ഭാഷയുടെ വിശകലനം (3)

- കുട്ടി ആവിഷ്കരിച്ചഭാഷയുടെ മികവ് (2)
- അവതരണ മികവ് (1)

*സമയം 10 മിനിട്ട്, സ്കോർ 6*

പഠനനേട്ടം

എഴുത്തുകാരൻ തന്റെ കഥാപാത്രത്തെ രൂപപ്പെടുത്തിയെടുക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

## ■ പ്രതികരണക്കുറിപ്പ് തയാറാക്കുക

❓ നിസ്സഹായതയല്ല, പൊരുതാനുള്ള മനസാണ് വേണ്ടത്, എന്ന സന്ദേശം എത്രത്തോളമാണ് കാട് വിളിക്കുന്നു എന്ന പാഠഭാഗത്ത് പ്രതിഫലിക്കുന്നത്. ഈ പ്രസ്താവന അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുക.

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ (3)
- സ്വന്തം നിരീക്ഷണങ്ങൾ (2)
- ഉചിതമായ ഭാഷ (1)

*സമയം 10 മിനിട്ട്, സ്കോർ 6*

പഠനനേട്ടം

ചെറുകഥകളും നോവലുകളും വായിച്ച് സാമൂഹികാംശങ്ങൾ കണ്ടെത്തി പ്രബന്ധങ്ങൾ തയാറാക്കുന്നതിന്.

**നിരൂപണക്കുറിപ്പ്**

❓ സാറയും ഇർവാദീസും കാപട്യം നിറഞ്ഞ ലോകത്തിന്റെ പ്രതിനിധികളാണ്. ഈ പ്രസ്താവനയെ വിശകലനം ചെയ്ത് നിരൂപണക്കുറിപ്പ് തയാറാക്കുക (ഒരു പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ (2)
- കഥാപാത്രങ്ങളുടെ വ്യക്തിത്വത്തെ സംബന്ധിച്ച് ധാരണ (3)
- ഭാഷാപരമായ മികവ് (1)

*സമയം : 10 മിനിട്ട്, സ്കോർ : 6*

പഠനനേട്ടം

ചെറുകഥകളും നോവലുകളും വായിച്ച് സാമൂഹികാംശങ്ങൾ, ഭാഷാപരമായ സവിശേഷതകൾ, ആഖ്യാനപരമായ പ്രത്യേകതകൾ എന്നിവ കണ്ടെത്തി പ്രബന്ധങ്ങൾ തയാറാക്കുന്നതിന്.

**ലഘു ഉപന്യാസം**

❓ ഇന്ദുലേഖയിൽ നിന്ന് കൂമൻകൊല്ലിയിലും വൃദ്ധസദനത്തിലുമെത്തുമ്പോൾ ഇതിവൃത്തത്തിലും ഭാഷയിലും ആഖ്യാനരീതിയിലും മലയാള നോവലിനു വന്നു ചേർന്ന പരിണാമം കണ്ടെത്തി ഉപന്യസിക്കുക. (ഒന്നരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ (4)
- സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- ഭാഷാപരമായ മികവ് (2)

*സമയം : 20 മിനിട്ട്, സ്കോർ : 8*

**പഠനനേട്ടം**

ചെറുകഥകളും നോവലുകളും വായിച്ച് സാമൂഹികാംശങ്ങൾ കണ്ടെത്തി പ്രബന്ധങ്ങൾ തയാറാക്കുന്നതിന്.

**മുഖപ്രസംഗം**

**വൃദ്ധമാതാവിനെ മകൾ തല്ലി**

*കണ്ണൂർ: മകളോടൊപ്പം താമസിച്ചു വരികയായിരുന്ന വൃദ്ധമാതാവിനെ മകൾ ചൂലുപയോഗിച്ച് തല്ലി. കിടക്കയിൽ മൂത്രമൊഴിച്ചതിനാണ് തല്ലിയത്.*

അടുത്തകാലത്ത് പത്രങ്ങളിൽ വന്ന വാർത്തയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. വൃദ്ധസദനങ്ങളുടെ എണ്ണവും പെരുകുകയാണ്. ഈ പശ്ചാത്തലത്തിൽ 'അവഗണിക്കപ്പെടുന്ന വാർധക്യം' എന്ന വിഷയത്തെ ആധാരമാക്കി മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക. (ഒരു പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ (3)
- സ്വന്തം നിരീക്ഷണങ്ങൾ (2)
- ഭാഷാപരമായ മികവ്, ഘടന (1)

*സമയം : 15 മിനിട്ട് , സ്കോർ : 6*

**പഠനനേട്ടം**

ചെറുകഥകളും നോവലുകളും വായിച്ച് ഭാഷാപരമായ സവിശേഷതകൾ, ആഖ്യാനപരമായ പ്രത്യേകതകൾ എന്നിവ കണ്ടെത്തി പ്രബന്ധങ്ങൾ തയാറാക്കുന്നതിന്.

**അപഗ്രഥനക്കുറിപ്പ്**

വൃദ്ധസദനം എന്ന നോവലിന്റെ ആഖ്യാനപരമായ സവിശേഷത 'പ്രഥമസായാഹ്നം' എന്ന പാഠഭാഗത്തെ മുൻനിർത്തി അപഗ്രഥിക്കുക (ഒരു പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ (3)
- സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- ഭാഷാപരമായ മികവ് (1)

*സമയം : 15 മിനിട്ട്, സ്കോർ : 6*

**പഠനനേട്ടം**

ചെറുകഥകളും നോവലുകളും വായിച്ച് സാമൂഹികാംശങ്ങൾ കണ്ടെത്തി പ്രബന്ധം തയാറാക്കുന്നതിന്.

**കുറിപ്പ് തയാറാക്കുക**

തന്റെ ചുറ്റുവട്ടത്തുനിന്ന് കണ്ടും കേട്ടും പരിചയിച്ച അനുഭവങ്ങൾ എഴുത്തുകാരന്റെ കഥാപാത്രസൃഷ്ടിക്ക് പ്രേരണയാകാറുണ്ട്. ഒ.വി.വിജയന്റെ അപ്പുക്കിളി എന്ന കഥാപാത്രസൃഷ്ടിയുമായി ബന്ധപ്പെടുത്തി നിരീക്ഷണങ്ങൾ അവതരിപ്പിക്കുക. (ഒരുപുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം കണ്ടെത്തുന്നു. (3)
- സവിശേഷതകൾ തിരിച്ചറിയുന്നു. (2)
- അവതരണമികവ് (1)

*സമയം : 10 മിനിട്ട്, സ്കോർ : 6*

**പഠനനേട്ടം**

അനുപ്രയോഗത്തിന്റെ സാധ്യത തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.

ഓണം ചിങ്ങമാസത്തിൽ ആഘോഷിച്ചു വരുന്നു.

അടിവരയിട്ടിരിക്കുന്ന പദം വാക്യാർഥത്തിന് വരുത്തുന്ന സവിശേഷത എന്ത്?

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- അർഥം ഗ്രഹിക്കുന്നു. (1)
- സവിശേഷത കണ്ടെത്തുന്നു. (1)

*സ്കോർ : 5 മിനിട്ട്, സ്കോർ : 2*

# 4

**പഠനനേട്ടം**

പാശ്ചാത്യ-പൗരസ്ത്യ സിദ്ധാന്തങ്ങൾ പരിചയപ്പെട്ട് കുറിപ്പുകൾ തയാറാക്കുന്നു.

വേർഡ്സ്വർത്തിന്റെ അഭിപ്രായത്തിൽ കവിത എന്താണ്?

(പച്ചയായ ജീവിതചിത്രീകരണം, ആലോചനയിൽനിന്ന് ഉരുത്തിരിയുന്നത്, കരുത്തുറ്റ വികാരങ്ങളുടെ നൈസർഗിക ബഹിർഗമനം, ബുദ്ധിയുടെ വ്യാപാരം)

- കരുത്തുറ്റ വികാരങ്ങളുടെ നൈസർഗിക ബഹിർഗമനം (1)

*സമയം 1 മിനിട്ട്, സ്കോർ : 1*

**പഠനനേട്ടം**

വേർഡ്സ്വർത്ത്, കോള്റിഡ്ജ് തുടങ്ങിയവരുടെ കാവ്യദർശനങ്ങൾ അടിസ്ഥാനമാക്കി ധാരണകൾ രൂപീകരിക്കുന്നു.

ഛന്ദസ്സിന്റെ ഉത്ഭവം എവിടെനിന്നാണ് എന്നാണ് കോളറിഡ്ജ് പറയുന്നത്?

(വികാരതീവ്രമായ മനസ്സിൽനിന്ന്, മദിരയിൽനിന്ന്, മദിരയിൽ ഈസ്റ്റ് ചേർക്കുന്നതിൽനിന്ന്, സ്വപ്നങ്ങളിൽനിന്ന്)

വികാരതീവ്രമായ മനസ്സിൽനിന്ന്

*സമയം : 1 മിനിട്ട്, സ്കോർ: 1*

**പഠനനേട്ടം**

വേർഡ്സ്വർത്ത്, കോള്റിഡ്ജ് തുടങ്ങിയവരുടെ കാവ്യദർശനങ്ങൾ ആധാരമാക്കി ധാരണകൾ രൂപീകരിക്കുന്നു.

വേർഡ്സ്വർത്തിന്റെ അഭിപ്രായത്തിൽ കാവ്യവിഷയമാവേണ്ടതേത്?

(നാഗരികജീവിതം, കവികളുടെ ജീവിതം, ഉദ്യോഗസ്ഥരുടെ ജീവിതം, ഗ്രാമീണരുടെ ജീവിതം)

ഗ്രാമീണരുടെ ജീവിതം

*സമയം : 1 മിനിട്ട്, സ്കോർ : 1*

**പഠനനേട്ടം**

വിവിധ മലയാള കവിതകൾ ധ്വനിതലം കണ്ടെത്തി ആസ്വദിക്കുന്നു.

“പൂമങ്കസിംഹാസനമേറിയപ്പോൾ

പൂവേണിമാർ "വഞ്ചിയിലെന്നപോലെ" ഈ ഈരടിയിലെ 'വഞ്ചി' എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

(വള്ളം, വഞ്ചിനാട്, വഞ്ചിയുടെ ആകൃതിയിലുള്ള ഇരിപ്പിടങ്ങൾ, കാണിക്കവഞ്ചി)

വഞ്ചിനാട്

*സമയം : 1 മിനിട്ട്, സ്കോർ : 1*

**പഠനനേട്ടം**

ധ്വനി സിദ്ധാന്തം ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

"മഴകൊണ്ടുമാത്രം മുളയ്ക്കുന്ന വിത്തുകൾ
ചിലതുണ്ട് മണ്ണിൻ മനസ്സിൽ

പ്രണയത്തിനാൽ മാത്രമെരിയുന്ന ജീവന്റെ
തിരികളുണ്ടാത്മാവിനുള്ളിൽ" (ചലച്ചിത്രഗാനം - റഫീക്ക് അഹമ്മദ്)

ഈ വരികൾ വിശകലനം ചെയ്ത് ഭാവധ്വനി, വസ്തുധ്വനി, ഇവ കണ്ടെത്തുക. (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- വിശകലനം ചെയ്തിട്ടുണ്ട് (2)
- ധ്വനിതലങ്ങൾ കണ്ടെത്തിയിട്ടുണ്ട് (2)
- ഉചിതമായ ആവിഷ്കരിച്ചിട്ടുണ്ട് (1)

*സമയം : 10 മിനിട്ട്, സ്കോർ : 5*

**പഠനനേട്ടം**

വിഭാതവിഭൂതി എന്ന കവിതയിൽ പ്രഭാതത്തെ ധ്വന്യാത്മകമാക്കി അവതരിപ്പിക്കുന്നതു കണ്ടെത്തി പ്രഭാഷണം തയാറാക്കുന്നു.

വിഭാതവിഭൂതി എന്ന കവിതയിൽ കവി പ്രകൃതിവർണ്ണനകളെ ജീവിതസാഹചര്യങ്ങളുമായി ബന്ധിപ്പിക്കുന്നതെങ്ങനെ? ഉദാഹരണസഹിതം വിശദീകരിക്കുക. (ഒന്നരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- പ്രകൃതിവർണന ജീവിതസാഹചര്യവുമായി ബന്ധിപ്പിക്കുന്നതിന് (3)
- കൃത്യമായ ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട് (3)
- ഉചിതമായ ആവിഷ്കരിച്ചിട്ടുണ്ട് (2)

*സമയം : 20 മിനിട്ട്, സ്കോർ : 8*

**പഠനനേട്ടം**

ധ്വനിസിദ്ധാന്തം ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

"ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാതെന്തിനു
ജീവിതപലഹാരം?" (ഇടശ്ശേരി)

ഈ വരികളുടെ ധ്വനിതലം വ്യക്തമാക്കുക. (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ** :

- കവിതയുടെ ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- ധ്വനിതലം കണ്ടെത്തിയിട്ടുണ്ട് (2)
- ഉചിതമായ ആവിഷ്കാരം (1)

*സമയം : 10 മിനിട്ട്, സ്കോർ : 5*

## പഠനനേട്ടം

ധ്വനിസിദ്ധാന്തം ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കുന്നു.

? 'രാഷ്ട്രീയത്തിലെ ഭീഷ്മ പിതാമഹൻ'
'പ്രഭാഷണകലയിലെ സാഗരഗർജനം'
'പദങ്ങൾകൊണ്ട് പന്തടിക്കുന്ന മഹാകവി'

ഈ പ്രയോഗങ്ങളിലെ വാച്യാർഥവും ലക്ഷ്യാർഥവും കണ്ടെത്തി വിവരിക്കുക.

■ **വിലയിരുത്തൽ സൂചകങ്ങൾ** :

- വാച്യാർഥം കണ്ടെത്തിയിട്ടുണ്ട് (2)
- ലക്ഷ്യാർഥം കണ്ടെത്തിയിട്ടുണ്ട് (2)
- ഉചിതമായി ആവിഷ്കരിച്ചിട്ടുണ്ട് (2)

*സമയം : 12 മിനിട്ട്, സ്കോർ : 6*

## പഠനനേട്ടം

പാശ്ചാത്യ-പൗരസ്ത്യ സിദ്ധാന്തങ്ങൾ പരിചയപ്പെട്ട് കുറിപ്പുകൾ തയാറാക്കുന്നു. വേഡ്സ്വർത്ത്, കോള്‌റിഡ്ജ് തുടങ്ങിയവരുടെ കാവ്യദർശനങ്ങൾ അടിസ്ഥാനമാക്കി ധാരണകൾ രൂപീകരിക്കുന്നു.

? **ആസ്വാദനക്കുറിപ്പ് തയാറാക്കുക:**

"മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മൂടിയും
മൂടിട്ട് വൻ കറ്റയും
പേറിക്കൊണ്ടിരിവാൾ പുറത്തു തിരുകി
പ്രാഞ്ചിക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്ത് മേനിമുഴുവൻ
ചേറും പുരണ്ടപ്പൊഴീ
പാടത്തുന്ന് വരുന്നനിൻ വരവുക-
ണ്ടേറെക്കൊതിക്കുന്നു ഞാൻ"

ഗ്രാമീണരുടെ ജീവിതവും അനുഭവങ്ങളുമാകണം കാവ്യവിഷയമാകേണ്ടതെന്നും അവരുടെ ഭാഷയിലേ എഴുതാവൂ എന്നുമുള്ള വേഡ്സ്വർത്തിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിന്മേൽ തന്നിരിക്കുന്ന ശ്ലോകത്തിന് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

■ **വിലയിരുത്തൽ സൂചകങ്ങൾ** :

- ആശയം ഗ്രഹിച്ചിട്ടുണ്ട് (3)
- വേഡ്സ്വർത്തിന്റെ അഭിപ്രായവുമായി ചേർത്ത് വിശകലനം ചെയ്തിട്ടുണ്ട് (2)

*സമയം : 10 മിനിട്ട്, സ്കോർ : 5*

## പഠനനേട്ടം

ധ്വനിസിദ്ധാന്തം ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കുന്നു.

കറുത്തപെണ്ണേ കരിങ്കുഴലീ
നിനക്കൊരുത്തൻ കിഴക്കുദിച്ചു
കാടുവെട്ടി തിനവിതച്ചു
തിനതിന്നാൻ കിളിയിറങ്ങി (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- ധ്വനിതലം കണ്ടെത്തിയിട്ടുണ്ട് (2)
- ഉചിതമായ ഭാഷ (1)

*സമയം : 10 മിനിട്ട്, സ്കോർ 5*

## പഠനനേട്ടം

ധ്വനിസിദ്ധാന്തം ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കുന്നു.

താഴെക്കൊടുത്തിരിക്കുന്ന കവിതയുടെ വസ്തുധ്വനിയും ഭാവധ്വനിയും കണ്ടെത്തി കുറിപ്പ് തയാറാക്കുക.

കണ്ണീരിൽ മുങ്ങിക്കുളി കഴിഞ്ഞ്
വെണ്ണീറു കൊണ്ടു കുറിവരച്ച്
ദുരിതം കൊണ്ടുരുനിറപറനിറച്ച്
കൂളക്കുടുക്കയെറിഞ്ഞുടച്ച്
താളത്തിൽ മൂന്നു വലത്തുവച്ച്
ഇലവാട്ടി ദുഃഖം പൊതിഞ്ഞുകെട്ടി
മാറാപ്പിൽ സ്വപ്നം നിറച്ചുകെട്ടി

(യാത്രാമൊഴി - ബാലചന്ദ്രൻ ചുള്ളിക്കാട്)

(അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- വസ്തുധ്വനി, ഭാവധ്വനി എന്നിവ കണ്ടെത്തിയിട്ടുണ്ട് (2)
- ഉചിതമായി ആവിഷ്കരിച്ചിട്ടുണ്ട് (2)

*സമയം : 10, മിനിട്ട്, സ്കോർ : 5*

## പഠനനേട്ടം

"കുന്ന്മ്മന്നുണ്ടൊരു ചൂട്ടാണുന്നൂ,
കുഞ്ഞമ്പൂന്റച്ചനോ പിന്ന്യാരാനോ"

- ഈ ഈരടിയെ ആലോചനാമൃതമാക്കുന്നതെന്ത്?

(ധ്വനിതലം, വാച്യാർത്ഥം, കുഞ്ഞമ്പു എന്ന പ്രയോഗം, ഈണം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ധ്വനിതലം (1)

*സ്കോർ 1*

പഠനനേട്ടം

വേഡ്സ് വർത്ത്, കോളറിഡ്ജ് എന്നിവരുടെ കാവ്യദർശനങ്ങൾ അടിസ്ഥാനമാക്കി ധാരണകൾ രൂപീകരിക്കുന്നു.

ഛന്ദസ്സിനെക്കുറിച്ചുള്ള കോളറിഡ്ജിന്റെ അഭിപ്രായം ആധുനിക കവിതയിൽ എത്രമാത്രം യോജിക്കുന്നുവെന്ന് താഴെക്കൊടുത്തിരിക്കുന്ന കവിതയെ ആസ്പദമാക്കി പരിശോധിക്കുക.

**മലയാളത്തിൽ**

ഈയാഴ്ച
ഞാൻ വായിക്കുന്നത്
ഫ്രഞ്ച് നോവൽ
കണ്ടത്
ഇറ്റാലിയൻ സിനിമ
സംശയമുദിച്ചത്
സംസ്കൃത വ്യാകരണത്തിൽ
മുറിവുണക്കിയത്
ഇംഗ്ലീഷ് ലേപനം
എന്റെ ആനന്ദം
ഹിന്ദുസ്ഥാനി സംഗീതം
ആവശ്യം
ആന്ധ്രാറേഷൻ
നട്ടുച്ചമുറിച്ച്
ഞാൻ
കൂർക്കം വലിക്കുന്നതോ
മലയാളത്തിൽ മാത്രം

(പി.എൻ. ഗോപീകൃഷ്ണൻ) (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- കോളറിഡ്ജിന്റെ അഭിപ്രായവുമായി ബന്ധിപ്പിച്ച് പരിശോധിച്ചിട്ടുണ്ട് (2)
- ഉചിതമായ ഭാഷ (1)

*സമയം : 10 മിനിട്ട്, സ്കോർ : 5*

പഠനനേട്ടം

വേഡ്സ് വർത്ത്, കോളറിഡ്ജ് എന്നിവരുടെ കാവ്യദർശനങ്ങളെ അടിസ്ഥാനമാക്കി ധാരണകൾ രൂപീകരിക്കുന്നു.

കാവ്യഭാഷയെക്കുറിച്ചുള്ള വേഡ്സ്വർത്ത്, കോളറിഡ്ജ് എന്നിവരുടെ വാദങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക. (ഒന്നരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (4)
- സ്വന്തം നിരീക്ഷണം (3)
- ഉചിതമായ ഭാഷ (1)

*സമയം : 20 മിനിട്ട്, സ്കോർ 8*

പഠനനേട്ടം

ധ്വനിസിദ്ധാന്തം ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കുന്നു.

താഴെക്കൊടുത്തിരിക്കുന്ന കവിതയുടെ ധ്വനിതലം കണ്ടെത്തി കുറിപ്പ് തയാറാക്കുക.

**കറവ**

എന്നും
പുലർച്ചയ്ക്ക്
ഇടവഴിയിൽ
ഇലഞ്ഞിച്ചുവട്ടിൽ
പാൽക്കാരിപ്പെണ്ണിനെ
അയാൾ
കാണാറുണ്ടായിരുന്നു
പിന്നെ
സ്വന്തമായൊരു
കറവപ്പശുവിനെ
വേണമെന്നായപ്പോൾ
ഒറ്റവലിയിൽ
പൊട്ടിപ്പോകുന്നൊരു കയറിട്ട്
അവളെത്തന്നെ
അയാൾ വീട്ടിലേക്ക് തെളിച്ചു.

*(പവിത്രൻ തീക്കുനി)* (ഒരുപുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- ധ്വനിതലം കണ്ടെത്തിയിട്ടുണ്ട് (3)
- ഉചിതമായ ഭാഷ (1)

*സമയം : 12 മിനിട്ട്, സ്കോർ : 6*

പഠനനേട്ടം

ധ്വനി സിദ്ധാന്തം ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

ധ്വനി സാധ്യത കണ്ടെത്തുക

പഴഞ്ചൊല്ലിലെ ധ്വനി സാധ്യത കണ്ടെത്തുക
'താണനിലത്തേ നീരോടൂ' (രണ്ടോ മൂന്നോ വാക്യങ്ങൾ)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഗ്രഹിക്കുന്നു (1)
- മനുഷ്യജീവിതാവസ്ഥയുമായി ബന്ധിപ്പിക്കുന്നു. (1)

*സമയം : 5 മിനിട്ട്, സ്കോർ : 2*

പഠനനേട്ടം

വിവിധ മലയാള കവിതകൾ ധ്വനിതലം കണ്ടെത്തി ആസ്വദിക്കുന്നു.

**കുറിപ്പ് തയാറാക്കുക**

തൃണങ്ങളിൽ ചേർന്ന തുഷാരബിന്ദു
തിളങ്ങി വെൺമുത്തിനെ വെന്നിടുന്നു
തനിക്കു യോജിച്ച നിലയ്ക്കുനിന്നാൽ
തേജസ്സു നിസ്സാരനുമേററമുണ്ടാം.

പ്രബോധനാത്മകത കവിതയുടെ സ്വഭാവമാകാറുണ്ട്. ഈ വരികളെ വിശകലനം ചെയ്ത് നിരീക്ഷണക്കുറിപ്പ് തയാറാക്കുക. (അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- കവിതയുടെ ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- ധ്വനിതലം കണ്ടെത്തിയിട്ടുണ്ട് (2)
- ഉചിതമായ ആവിഷ്കാരം (1)

*സമയം: 10 മിനിട്ട്, സ്കോർ : 5*

## പഠനനേട്ടം

വിവിധ മലയാള കവിതകൾ ധ്വനിതലം കണ്ടെത്തി ആസ്വദിക്കുന്നു.

**കുറിപ്പ് തയാറാക്കുക**

വിഭാത വിഭൂതി എന്ന കവിതയിൽ മനുഷ്യഭാവചിത്രീകരണത്തിനായി കവയിത്രി പ്രഭാതത്തെ തിരഞ്ഞെടുത്തത്തിന്റെ ഔചിത്യം വ്യക്തമാക്കി കുറിപ്പ് തയാറാക്കുക.

(അരപ്പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- വിശകലനം ചെയ്തിട്ടുണ്ട് (2)
- ധ്വനിതലങ്ങൾ കണ്ടെത്തിയിട്ടുണ്ട് (2)
- ഉചിതമായി ആവിഷ്കരിച്ചിട്ടുണ്ട് (1)

*സമയം : 10 മിനിട്ട്, സ്കോർ : 5*

5

# മാധ്യമപർവ്വം

## പഠനനേട്ടം

വിപണിയുടെ തന്ത്രത്തിനുപരിയായി സാമൂഹ്യ ഉത്തരവാദിത്തങ്ങളെ ഓർമ്മപ്പെടുത്തലും പരസ്യങ്ങളിലുണ്ട് എന്ന് തിരിച്ചറിഞ്ഞ് ലഘുലേഖകൾ തയാറാക്കുന്നു.

**ഉപന്യാസം എഴുതുക**

പരസ്യങ്ങളുടെ പെരുമഴക്കാലത്ത് എന്ത് നിലപാടാണ് അവയോട് സ്വീകരിക്കേണ്ടത്? 'പാരമ്പര്യവും ഉപഭോഗത്വരയും' എന്ന പാഠഭാഗത്തെ ആശയങ്ങളും നിങ്ങളുടെ സ്വന്തമായ നിരീക്ഷണങ്ങളും കൂട്ടിച്ചേർത്ത് ഉപന്യാസം തയാറാക്കുക. (8)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയധാരണ
- സ്വന്തം നിരീക്ഷണങ്ങൾ
- ഉചിതമായ ആവിഷ്കാരം

*സമയം : 15 മിനിട്ട്, സ്കോർ : 8*

**മുഖപ്രസംഗം**

പരസ്യങ്ങൾ കുട്ടികളെ വഴിതെറ്റിക്കുന്നുവെന്ന പരാതി വ്യാപകമായി കേൾക്കാറുണ്ടല്ലോ. ഇതിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്തുകൊണ്ട് ലോക ഉപഭോക്തൃദിനത്തിൽ പത്രത്തിൽ വരാവുന്ന ഒരു മുഖപ്രസംഗം തയാറാക്കുക. (8)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ഉചിതമായ ഘടന
- ഉചിതമായ ഭാഷ

*സമയം 15 മിനിട്ട്, സ്കോർ 8*

## പഠനനേട്ടം

പരസ്യങ്ങളെ വിമർശനപരമായി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നു.

■ **ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

സ്ത്രീകളെ കേന്ദ്രമാക്കിയുള്ള പരസ്യങ്ങൾക്കെതിരെ വിമർശനമുയരുന്നതെന്തുകൊണ്ട്?

(പുരുഷന്മാരെ അവഗണിക്കുന്നതുകൊണ്ട്, സ്ത്രീയെ ശരീരം മാത്രമായി ചുരുക്കുന്നതുകൊണ്ട്, ഭാവനാപൂർണമായി തയ്യാറാക്കാത്തതുകൊണ്ട്, അടിസ്ഥാനകാമനകളെ ഉണർത്തിവിടാത്തതുകൊണ്ട്)

### പഠനനേട്ടം

കുട്ടികളുമായി ബന്ധപ്പെട്ട ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഏതുതരം പരസ്യങ്ങളാണ് കൂടുതൽ ഉപയോഗിച്ചു വരുന്നത്?

(യുവതികൾക്ക് പ്രാധാന്യമുള്ളവ, ഫലിതരസം കലർന്ന പരസ്യങ്ങൾ, ലൈംഗികതയുടെ അതിപ്രസരമുള്ളവ, പുരുഷന്മാരെ കേന്ദ്രമാക്കുന്നവ)

- ഫലിതരസം കലർന്ന പരസ്യങ്ങൾ - (1)

*സമയം ...... മിനിറ്റ്, സ്കോർ .....*

### പഠനനേട്ടം

സാഹിത്യരചനയിൽ സൈബർ ഇടത്തിനുള്ള സാധ്യത വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

**കുറിപ്പെഴുതുക**

പരമ്പരാഗതമായ കഥാഖ്യാന രീതിയിൽ നിന്നും 'വെബ്സൈറ്റ്' എന്ന കഥ എങ്ങനെ വ്യത്യസ്തമാകുന്നു. ആഖ്യാനം, പ്രമേയം എന്നിവയെ മുൻനിർത്തി അപഗ്രഥനക്കുറിപ്പ് തയാറാക്കുക. (ഒരു പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയ ധാരണ (3)
- നിരീക്ഷണങ്ങളിലെ തനിമ (2)
- ആവിഷ്കരണത്തിലെ മികവ് (1)

*സമയം : 15 മിനിട്ട്, സ്കോർ 6*

### പഠനനേട്ടം

സാഹിത്യരചനയിൽ സൈബർ ഇടത്തിനുള്ള സാധ്യത വിശകലനം ചെയ്യുന്നു.

**കുറിപ്പ് തയാറാക്കുക**

വെബ്സൈറ്റിലെ സ്മിത എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക. (ഒരു പുറം)

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയം ഉൾക്കൊണ്ടിട്ടുണ്ട് (3)
- സ്വഭാവം വിശകലനം ചെയ്യുന്നു. (2)
- ഉചിതമായ ഭാഷ (1)

*സമയം : 15 മിനിട്ട്, സ്കോർ : 6*

## പഠനനേട്ടം

സാഹിത്യരചനയിൽ സൈബർ ഇടത്തിനുള്ള സാധ്യത വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

**കുറിപ്പ് തയാറാക്കുക**

ആധുനിക വിവര സാങ്കേതിക വിദ്യ യുവതലമുറയെ സ്വാധീനിക്കുന്നതിന്റെ സാക്ഷ്യപ്പെടുത്തലാണ് വെബ്സൈറ്റ് എന്ന ചെറുകഥ. വിലയിരുത്തൽക്കുറിപ്പ് തയാരാക്കുക.

■ **വിലയിരുത്തൽ സൂചകങ്ങൾ :**

- ആശയ ധാരണ (3)
- താരതമ്യം ചെയ്തിട്ടുണ്ട് (2)
- സ്വന്തം നിഗമനങ്ങൾ (1)

*സമയം : 15 മിനിട്ട്, സ്കോർ : 6*